നവ കേരളം കർമപദ്ധതി

# നവകേരളം വാർത്ത

ന്യൂസ്‌ലെറ്റർ

2024 ഫെബ്രുവരി വാല്യം 2

ഓൺലൈൻ വായനയ്ക്ക്

29

# കാലാനുസൃതമായ അറിവുകൾ വിദ്യാർത്ഥികളിലെത്തണം: മുഖ്യമന്ത്രി

## 64 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു



പുതിയ കാലത്തിനനുസൃതമായ അറിവുകൾ വിദ്യാർത്ഥികളിലെത്തണമെന്നും ഇതിൽ അധ്യാപക സമൂഹം ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് നിർമാണം പൂർത്തിയാക്കിയ 68 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 33 സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടൽ ചടങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനവും തോന്നക്കൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുവിദ്യാലയങ്ങൾ അടച്ചു പൂട്ടേണ്ടി വന്ന സാഹചര്യത്തിൽ നിന്നും മാറി ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ സർക്കാരിന് കഴിഞ്ഞു. പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച് ജനകീയമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കി. ഇന്ന് രാജ്യത്താകെ അഭിമാനിക്കാൻ കഴിയും വിധം നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല തലയുയർത്തി നിൽക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി. അക്കാദമിക മികവ് വർധിക്കുകയും അതിന്റെ ഗുണം കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ആകെ ഉണ്ടാവുകയുമാണ്. അതുകൊണ്ടാണ് കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖല നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുന്നത്. പ്രൈമറിതലത്തിൽ അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കിവരുന്നു. ഹയർസെക്കൻഡറി തലം വരെ ഇത് ഘട്ടംഘട്ടമായി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് സമാനതകളില്ലാത്ത ചരിത്രം സൃഷ്ടിച്ച പ്രവർത്തനങ്ങളിൽ മുഴുവൻ പൊതു സമൂഹത്തിന്റെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

ഏഴര കൊല്ലം കൊണ്ട് അയ്യായിരം കോടി രൂപയുടെ നിക്ഷേപമാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളതെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ഒരു പക്ഷേ രാജ്യത്തു തന്നെ ഇത് റെക്കോഡായിരിക്കുമെന്നും മന്ത്രി പറഞ്ഞു. എ.എ. റഹീം എം.പി., എം.എൽ.എ. മാരായ വി. ജോയി, വി. ശശി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് ഐ.എ.എസ്., എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ, സമഗ്രശിക്ഷ എസ്.പി.ഡി. ഡോ. സുപ്രിയ എ.ആർ, എസ്.ഐ.ഇ.ടി ഡയറക്ടർ, ബി. അബുരാജ്, സീമാറ്റ് ഡയറക്ടർ ഡോ. സുനിൽ വി.റ്റി എന്നിവർ സംബന്ധിച്ചു.

## ആന്റി ബയോട്ടിക് സ്മാർട്ട് ആശുപത്രികളും എല്ലായിടത്തും ലാബ് സൗകര്യവും ഈ വർഷം

ഈ വർഷത്തോടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളേയും ആന്റി ബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുമെന്ന് മന്ത്രി വീണാ ജോർജ്. നിയമസഭയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് താഴെയുള്ള 5000 ത്തോളം ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തിരഞ്ഞെടുത്തിട്ടുണ്ട് എന്നും വീണാ ജോർജ് നിയമസഭയിൽ അറിയിച്ചു.




എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യമുള്ള ആദ്യ സംസ്ഥാനമായി ഈ വർഷം കേരളം മാറുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. തിരുവനന്തപുരം ടാഗോർ തിയറ്റർ ഹാളിൽ നടന്ന ചടങ്ങിൽ പുതുതായി ആരംഭിക്കുന്ന 42 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെയും 37 ഐസൊലേഷൻ വാർഡുകളുടേയും ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

# എഡിറ്റോറിയൽ

## ഒരു തുള്ളിയും പാഴാക്കാതെ ജലസംരക്ഷണത്തിന് മുന്നിട്ടിറങ്ങുക



വേനൽ കടുക്കുകയാണ്. ഒപ്പം ജല ദൗർലഭ്യവും. വരൾച്ചാ പ്രതിരോധം, കുടിവെള്ള ലഭ്യത എന്നിവ മുൻനിർത്തി ദീർഘവീക്ഷണത്തോടെയുള്ള നിരവധി പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്നുവരികയാണ്. ഇടവപ്പാതിയിലും തുലാവർഷത്തിലും ലഭിക്കുന്ന മഴവെള്ളം സംഭരിച്ചു നിർത്തി ഭൂഗർഭജലം വറ്റാതെ നിലനിർത്തുന്നതിൽ പുഴകൾക്കും നീർച്ചാലുകൾക്കും തടാകങ്ങൾക്കും കുളങ്ങൾക്കും കിണറുകൾക്കും തണ്ണീർത്തടങ്ങൾക്കും നിർണ്ണായക പങ്കാണുള്ളത്. പ്രകൃതിദത്ത സംവിധാനങ്ങളായ ഇവയെ നാശത്തിൽ നിന്നും സംരക്ഷിച്ചു നിലനിർത്തുകയെന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ജലാശയങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് "എല്ലാവരും ജലാശയങ്ങളിലേക്ക്", പുഴകൾക്ക് പുതുജീവൻ നൽകി "ഇനി ഞാനൊഴുകട്ടെ", നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്, അനുബന്ധ മാപത്തോൺ പ്രവർത്തനങ്ങൾ, ജലസംരക്ഷണത്തിനായി തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നടത്തിവരുന്ന "നീരുറവ്", പശ്ചിമഘട്ട

> **ജലസ്രോതസ്സുകളുടെ സംരക്ഷണമാണ് ജലപ്രതിസന്ധി പരിഹാര മാർഗ്ഗങ്ങളിൽ സുപ്രധാനം**

പ്രദേശങ്ങളിലെ പ്രകൃതി ദുരന്ത ലഘൂകരണവും ജല സംരക്ഷണവും ലക്ഷ്യമിട്ട് നടത്തുന്ന നീർച്ചാൽ സംരക്ഷണ പരിപാടിയായ "സുരക്ഷിതമാക്കാം പശ്ചിമഘട്ടം", പാറക്വാറികളിലെ ജലം കൃഷിയിടങ്ങളിൽ എത്തിക്കുന്ന ഹരിത തീർത്ഥം പദ്ധതി തുടങ്ങി സംസ്ഥാനത്ത് സംഘടിപ്പിച്ച നിരവധി ജനകീയ കാമ്പയിനുകളുടെ ഗുണഫലങ്ങൾ ഇതിനകം തന്നെ പ്രകടമായി കണ്ടുതുടങ്ങുന്നുവെന്ന കാര്യവും പ്രസക്തമാണ്. ഇതിനെല്ലാം പുറമെ ശാസ്ത്രീയ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കി ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന സംസ്ഥാനം കേരളമാണ്. സ്ഥിതി ഇങ്ങനെയൊക്കെയാണെന്നിരിക്കെ ആവശ്യത്തിന് മഴലഭിക്കുന്ന നമ്മുടെ സംസ്ഥാനത്തും വരൾച്ചാ വറുതികൾ കണ്ടുതുടങ്ങുകയാണ്. വിവിധ കാലങ്ങളിൽ ജലപ്പെരുമയും ജലദൗർലഭ്യവും നേരിടുന്നവരാണ് കേരളീയർ. ഈ അവസ്ഥകൾ നേരിട്ട അനുഭവ സമ്പത്ത് മുൻനിർത്തി നാം ഏവരും ജൈവ മണ്ഡലത്തെ ആകെ ബാധിക്കുന്ന ജലപ്രതിസന്ധി പരിഹാരത്തിനുള്ള പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങണം. ലഭ്യതയുള്ളപ്പോൾ ജലം വിവിധ മാർഗ്ഗങ്ങളിലൂടെ നമുക്ക് കരുതിവയ്ക്കാം. അതോടൊപ്പം ഓർക്കുക ജലസ്രോതസ്സുകളുടെ സംരക്ഷണമാണ് ജലസംരക്ഷണത്തിൽ മുഖ്യം.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2

## ഭവനനിർമ്മാണത്തിന് ഏറ്റവുമധികം തുക നൽകുന്ന സംസ്ഥാനം കേരളം - മന്ത്രി എം.ബി. രാജേഷ്

ഭവന നിർമ്മാണത്തിനായി ഏറ്റവുമധികം തുക നൽകുന്ന സംസ്ഥാനം കേരളമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ്. ഗ്രാമമെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ



നാല് ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ നൽകി വരുന്നത്. ആദിവാസി സങ്കേതങ്ങളിൽ ഇത് ആറ് ലക്ഷം രൂപയാണെന്നും മന്ത്രി പറഞ്ഞു. ലൈഫ് മിഷൻ -ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനവും ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുള്ള പ്രശംസാപത്ര കൈമാറ്റവും ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് ഇ.എം.എസ്. കമ്മ്യൂണിറ്റി ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

2017-24 വരെ ഭവന പദ്ധതിക്കായി സംസ്ഥാനം ചെലവഴിച്ചത് 17,104 കോടി രൂപയാണ്. ഇതിൽ 15,000 കോടി രൂപയും സംസ്ഥാനത്തിന്റെ വിഹിതമാണ്. ബാക്കിവരുന്ന 2000 കോടിയിൽ പരം രൂപയാണ് കേന്ദ്ര വിഹിതം. സംസ്ഥാനത്ത് ഇതുവരെ ലൈഫ് മിഷൻ വഴി 4,94,000 പേർക്ക് ധനസഹായം വിതരണം ചെയ്തു. 3,75,000 ആളുകൾ വീട് നിർമ്മാണം പൂർത്തിയാക്കി താമസമാക്കിയെന്നും മന്ത്രി പറഞ്ഞു.

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ പോലുള്ള സുമനസ്സുകളുടെ സംഭാവന ഏറെ വിലപ്പെട്ടതാണെന്നും മന്ത്രി പറഞ്ഞു. 1000 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 2.5 ലക്ഷം രൂപ വീതം 25 കോടി രൂപയാണ് ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ നൽകിയത്. ലൈഫ് മിഷൻ പദ്ധതിയുമായി സഹകരിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ പങ്കാളിത്തം ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ ഭാഗത്തുനിന്നാണ്. ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനായി. എ.എം. ആരിഫ് എം.പി വിശിഷ്ടാതിഥിയായി.

## കുറുമാത്തൂരിൽ 125 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം

വീട് പണിത് നൽകുക മാത്രമല്ല ഗുണഭോക്താക്കൾക്ക് സ്വന്തമായി ഉപജീവനം കണ്ടെത്തുന്നതും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതും കൂടി ലക്ഷ്യമാക്കുന്നതാണ് ലൈഫ് മിഷൻ പദ്ധതിയെന്ന് മന്ത്രി വി. ശിവൻകുട്ടി. കണ്ണൂർ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 125 കുടുംബങ്ങൾക്ക് നിർമിച്ചു നൽകിയ വീടുകളുടെ താക്കോൽ കൈമാറ്റം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2025 മാർച്ചോടെ സംസ്ഥാനത്ത് അഞ്ച് ലക്ഷം വീടുകൾ നിർമ്മിച്ച് നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പഞ്ചായത്തിൽ 244 പേരാണ് ലൈഫ്



പട്ടികയിൽ ഉൾപ്പെട്ടത്. ഇതിൽ കരാർ ഒപ്പിട്ട 184 പേരിൽ നിന്നും 125 പേർക്കാണ് ഇപ്പോൾ വീട് നിർമിച്ചു നൽകിയത്. ബാക്കി 59 വീടുകളുടെ നിർമാണം പുരോഗമിക്കുകയാണ്. പഞ്ചായത്തിൽ ഇതുവരെ ലൈഫിന്റെ വിവിധ ഘട്ടങ്ങളിലായി 270 വീടുകളാണ് പൂർത്തിയാക്കിയത്. പനക്കാട് ഗവ. എൽ.പി. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം. കൃഷ്ണൻ, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി. വിനോദ് കുമാർ, തളിപ്പറമ്പ് എ.ഇ.ഒ. കെ.മനോജ് എന്നിവർ മുഖ്യാതിഥികളായി.

## കണ്ടൽ നടീൽ ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ ഹരിതം ചെറുതാഴം പദ്ധതിയിൽ ഉൾപ്പെടുത്തി വയലപ്ര പരപ്പിൽ കണ്ടൽ തൈകൾ വെച്ച് പിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. വേനലും ചൂടും വർധിച്ചു വരുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ പദ്ധതി മാതൃകപരമാണെന്ന് മന്ത്രി പറഞ്ഞു. വയലപ്ര പരപ്പ് കണ്ടൽ സമൃദ്ധമാക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, എസ് ബി ഐ ഫൗണ്ടേഷൻ, ഹരിതകേരളം മിഷൻ, രാമപുരം വായനശാല എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രാന്തൻകണ്ടൽ, എഴുത്താണികണ്ടൽ, പേനകണ്ടൽ എന്നീ വിഭാഗത്തിൽപ്പെട്ട 15000 കണ്ടൽ തൈകളാണ് നടുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, വായനശാല പ്രവർത്തകർ, കുഞ്ഞിമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എൻ എസ് എസ് വളണ്ടിയർമാർ എന്നിവരുമായി ചേർന്നാണ് പദ്ധതി പൂർത്തീകരിക്കുക. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ കണ്ടൽ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുക വഴി പുഴയോരത്തെ കരയിടിച്ചിൽ തടയുക, പുഴയിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുക, ഉപ്പു വെള്ളം കയറുന്നത് തടയുക, പുഴയെ ശുദ്ധീകരിക്കുക, എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. വയലപ്ര പാർക്കിൽ നടന്ന ചടങ്ങിൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ശ്രീധരൻ അധ്യക്ഷത വഹിച്ചു.



## തദ്ദേശസ്ഥാപനങ്ങൾ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കണം മന്ത്രി എം.ബി. രാജേഷ്

മാലിന്യസംസ്കരണം കാര്യക്ഷമമായി ചെയ്യാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. കോട്ടയം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2023- 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന വ്യക്തികളിൽ നിന്നു മാത്രമല്ല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പിഴ ഈടാക്കും. പദ്ധതി വിഹിതത്തിൽ കുറവു വരുത്തുന്ന തുക നല്ല നിലയിൽ മാലിന്യനിർമാർജനത്തിൽ ഏർപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുമെന്നും



മന്ത്രി പറഞ്ഞു. സാധ്യമായിടത്തെല്ലാം സിസിടിവി ക്യാമറകൾ സ്ഥാപിക്കണമെന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്.

## ഹരിത വിദ്യാലയങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ഹരിത സമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനവും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നേമം ബ്ലോക്കിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ 28 ഹരിത ഓഫീസുകൾക്കും 17 ഹരിത വിദ്യാലയങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ഹരിത സമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനവും നടന്നു. വൈസ് പ്രസിഡന്റ് എൽ.ശാന്തിമതിയുടെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് എം. സോമശേഖരൻ നായർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹരിതസമൃദ്ധി പ്രഖ്യാപനം ഹരിതകേരളം മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കൃഷ്ണകുമാർ, ഹരിത ഓഫീസുകളുടെ പ്രഖ്യാപനം ജില്ലാ കോർഡിനേറ്റർ അശോക് എന്നിവർ നിർവഹിച്ചു.



# ‘അംഗൻജ്യോതി’ പദ്ധതിക്ക് തുടക്കം;
## അങ്കണവാടികളിൽ ഇനി പുകയില്ലാത്ത അടുക്കളകൾ

നെറ്റ് സീറോ കാർബൺ അങ്കണവാടികൾ എന്ന ലക്ഷ്യവുമായി അങ്കണവാടികളിൽ പുകയില്ലാത്ത അടുക്കളകൾ ഒരുക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതിയാണ് 'അംഗൻ ജ്യോതി'. അങ്കണവാടികളിൽ ഉപയോഗിക്കുന്ന പാചക ഉപകരണങ്ങൾ സൗരോർജ സഹായത്തോടെ പ്രവർത്തിക്കുന്ന ഉപകരണങ്ങളാക്കി മാറ്റി അതുവഴി ഊർജ സംരക്ഷണവും കാർബൺ അടങ്ങിയ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കലും വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.

നെറ്റ് സീറോ പഞ്ചായത്തുകളിലെ മുഴുവൻ അങ്കണവാടികളിലും ദക്ഷത കൂടിയ ഊർജ്ജഉപകരണങ്ങൾ ലഭ്യമാക്കുകയും കാർബൺ തുലിത ഇടപെടലുകൾ സംഘടിപ്പിച്ചു കൊണ്ട് ഊർജ്ജസംരക്ഷണം പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പാക്കുകയുമാണ് അംഗൻജ്യോതി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ 33,115 അങ്കണവാടികളിൽ ഊർജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും 'അംഗൻ ജ്യോതി' പദ്ധതി ലക്ഷ്യമിടുന്നു. മിക്ക അങ്കണവാടികളിലെയും പാചകപ്പുരകളിൽ എൽ.പി.ജി./വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഇതിന് ബദലായി കാർബൺ ബഹിർഗമനമില്ലാത്തതും ശുദ്ധവും പൂർണസുരക്ഷിതമായതും അതോടൊപ്പം വേഗത്തിലുള്ള പാചകം ഉറപ്പു വരുത്തുന്നതിനായി വൈദ്യുത ഊർജ്ജം വഴി പ്രവർത്തിക്കുന്ന വൈദ്യുത ഇൻഡക്ഷൻ അടുപ്പുകളും, അനുബന്ധ പാത്രങ്ങൾ, ചൂടാറാപ്പെട്ടി, ഫാനുകൾ,

## 'അംഗൻ ജ്യോതി' - പാചക ഉപകരണങ്ങളുടെ വിതരണം ജില്ലാതല ഉദ്ഘാടനങ്ങളിലൂടെ


തിരുവനന്തപുരം ജില്ലാതല വിതരണ ഉദ്ഘാടനം ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ നിർവഹിച്ചു.


കൊല്ലം ജില്ലാ തല ഉദ്ഘാടനം പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ചാത്തന്നൂർ MLA ജി എസ് ജയലാൽ നിർവഹിച്ചു.


പത്തനംതിട്ട ഇരവിപേരൂർ ഗ്രാമപഞ്ചായത്തിൽ ജിജി മാത്യു (ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) ഉദ്ഘാടനം നിർവഹിച്ചു.



ആലപ്പുഴ ജില്ലാതല ഉദ്ഘാടനം എ.എം. ആരിഫ് എം.പി. നിർവഹിച്ചു.


കോട്ടയം ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു നിർവഹിച്ചു.


ഇടുക്കി ജില്ലാതല ഉദ്ഘാടനം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിഷാ ഷാജി നിർവഹിച്ചു.

ഊർജ്ജക്ഷമത കൂടിയ അനുബന്ധ ലൈറ്റുകൾ ഇരുചക്ര മുച്ചക്ര വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സ്ഥാപിക്കും. 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലാണ് ആദ്യഘട്ടമായി 'അംഗൻജ്യോതി' പദ്ധതി നടപ്പിലാക്കുന്നതാണ്.

മനുഷ്യജന്യമായുണ്ടാകുന്ന ഹരിത ഗൃഹ വാതകങ്ങളുടെ അളവ് കുറച്ചും കാർബൺ ആഗിരണ പ്രവർത്തനങ്ങളുടെ അളവ് വർദ്ധിപ്പിച്ചും അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതക തുലനാവസ്ഥ തിരികെപ്പിടിക്കുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയോജനത്തോടെയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ. 2050 ഓടുകൂടി നെറ്റ് സീറോ എമിഷൻ കേരളം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായാണ് അംഗൻ ജ്യോതി പദ്ധതി യാഥാർത്ഥ്യമാകുന്നത്.


എറണാകുളം ജില്ലാതല ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ നിർവഹിച്ചു.


തൃശൂർ അംഗൻ ജ്യോതി പദ്ധതി ജില്ലാതല ഉദ്ഘാടനം റവന്യു മന്ത്രി കെ. രാജൻ നിർവഹിച്ചു.


പാലക്കാട് ജില്ലാതല ഉദ്ഘാടനം വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ നിർവഹിച്ചു.


മലപ്പുറം ജില്ലയിലെ അംഗൻ ജ്യോതി ജില്ലാതല ഉദ്ഘാടനം കീഴുപറമ്പിൽ പി.കെ. ബഷീർ എം.എൽ.എ. നിർവഹിച്ചു.


കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം നിർവഹിച്ചു.


വയനാട് ജില്ലാതല ഉദ്ഘാടനം എനർജി മാനേജ്മെന്റ് സെന്റർ ജില്ലാ കോർഡിനേറ്റർ സി. ജയരാജൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. റനീഷ് എന്നിവർ ചേർന്ന് നിർവഹിച്ചു.


കണ്ണൂർ ജില്ലാ തല ഉദ്ഘാടനം പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു.


കാസർഗോഡ് ജില്ലാതല ഉദ്ഘാടനം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ തൃക്കരിപ്പൂർ എംഎൽഎ എം രാജഗോപാലൻ നിർവഹിച്ചു.

# തിരുമാറാടിയിൽ ഹരിത കർമസേനക്ക് സ്വന്തമായി ഓഫീസ്; ഉദ്ഘാടനം ഡോ. ടി.എൻ. സീമ നിർവഹിച്ചു

എറണാകുളം തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയുടെ ഓഫീസ് ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സന്ധ്യാമോൾ പ്രകാശ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് എം.എം. ജോർജ് സ്വാഗതം ആശംസിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ് പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്തിനോട് ചേർന്ന് തന്നെ ഹരിത കർമസേനയ്ക്ക് സ്വന്തമായി ഒരു ഓഫീസ് എന്നത് സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന പ്രവർത്തനമാണ് എന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി 6 ലക്ഷം രൂപ ചിലവിലാണ് ഓഫീസ് നിർമ്മിച്ചിരിക്കുന്നത്. ഹരിത കർമസേനയുടെ പ്രവർത്തന റിപ്പോർട്ട് അസിസ്റ്റന്റ്



സെക്രട്ടറി എസ്. സാബുരാജ് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ അനിൽ ചെറിയാൻ മുഖ്യ പ്രഭാഷണം നടത്തി.



എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പേരൂക്കട GGHSS, പട്ടം GGHSS എന്നീ സ്കൂളുകളിൽ നിർമ്മിച്ച പ്രാഥമിക ജലഗുണനിലാര ലാബിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് അഡ്വ. വി.കെ പ്രശാന്ത് MLA യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

## ഹരിതകേരളം വിഷയമാക്കി പഠനയാത്ര

ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഹരിതകേരളം മിഷനും കണ്ണപുരം ഗ്രാമപഞ്ചായത്തും സംയുക്തമായി പഠനയാത്ര സംഘടിപ്പിച്ചു. കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ 5 യു.പി സ്കൂളുകളിലെ തിരഞ്ഞെടുത്ത 8 പേരടങ്ങുന്ന വിദ്യാർത്ഥികളുടെ ടീം ആണ് പഠനയാത്രയിൽ പങ്കെടുത്തത്. കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. രതി പഠന യാത്രയുടെ ഫ്ലാഗ് ഓഫ് നിർവഹിച്ചു. കൈപ്പാട് കൃഷി, പച്ചത്തുരുത്ത്, ജലസംരക്ഷണവുമായി ബന്ധപ്പെട്ട് തണ്ണീർപാറ, ഹരിത കർമസേനയുടെ ഒപ്പം എം.സി.എഫിലെ



പ്രവർത്തനങ്ങൾ, മൺപാത്ര നിർമ്മാണ യൂണിറ്റ്, ചൂരൽക്കാടുകൾ, കണ്ടൽകാടുകൾ എന്നിവയാണ് സന്ദർശിച്ചത്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുതിർന്ന കർഷകൻ ആയ ചന്ദ്രൻ, ജലസംരക്ഷണത്തിന്റെ പ്രാധാന്യം ഹരിതകേരളം മിഷൻ ആർ.പി ശോഭ, പച്ചതുരുത്ത് പ്രാധാന്യം എന്ന വിഷയത്തിൽ വാർഡ് മെമ്പർ വിജയൻ, ഹരിതകേരളം ആർ.പി എന്നിവരും, ഹരിത കർമസേന MCF ലെ പ്രവർത്തനങ്ങൾ എന്നിവ വിഷയത്തിൽ ഹരിത കർമസേന സുശീല, മൺപാത്ര നിർമാണം സംരംഭകൻ ആയ വിജയൻ, ചൂരൽക്കാടുകൾ, കണ്ടൽ നിർമ്മാണം പ്രാധാന്യം എന്നിവയെ പറ്റി പ്രദേശവാസിയായ ദിവ്യയും വിശദീകരിച്ചു.

## വിസ്മയമായി പാറക്വാറി റീചാർജിംഗ്



തദ്ദേശ ദിനാഘോഷത്തോടനുബന്ധിച്ച് കൊട്ടാരക്കര കെ ഐ പി ഗ്രൗണ്ടിലെ എക്സിബിഷനിൽ കാണികളിൽ വിസ്മയമായി ജില്ലാ ഹരിതകേരളം മിഷന്റെ പാറക്വാറി റീചാർജിംഗ് ഡെമൊ. സംസ്ഥാനത്തെ ആദ്യ പാറക്വാറി റീചാർജിംഗ് നടത്തിയ കരീപ്ര ഗ്രാമപഞ്ചായത്തിലെ ദൃശ്യാവിഷ്കരണമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. പ്രവർത്തനം നിലച്ച പാറക്വാറികളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ജലദൗർലഭ്യമുള്ള പ്രദേശത്ത് ക്വാറി ജലം കൃഷിയ്ക്കായി വിനിയോഗിക്കുകയും ചെയ്യുന്ന മാതൃകയാണ് ഇത്. പ്രദർശന സ്റ്റാൾ മന്ത്രിമാരായ എം.ബി. രാജേഷ്, കെ.എൻ. ബാലഗോപാൽ എന്നിവർ സന്ദർശിച്ചു.

## മരിയൻ എഞ്ചിനീയറിംഗ് കോളേജിന് ഹരിതപദവി

തിരുവനന്തപുരം മേനംകുളം മരിയൻ എഞ്ചിനീയറിംഗ് കോളേജ് കാമ്പസ് ഹരിത കാമ്പസ് പദവി നേടി. നവകേരളം കർമപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോളേജ് മാനേജ്മെന്റും വിവിധ വിദ്യാർത്ഥി സന്നദ്ധ സംഘടനകളും അധ്യാപകരും ചേർന്ന് നടപ്പാക്കിയ മാതൃകാ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഹരിത കാമ്പസ് പദവി സാക്ഷ്യപത്രം നൽകിയത്. ഹരിതകേരളം മിഷൻ ടെക്നിക്കൽ ടീം കോളേജിലെത്തി വിശദമായ പഠനം നടത്തുകയും ഹരിതകാമ്പസാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന വിശദമായ റിപ്പോർട്ട് കോളേജിന് കൈമാറുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച ഹരിതകാമ്പസ് പ്രവർത്തനങ്ങൾ 2023 നവംബർ 16 ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ ഉദ്ഘാടനം ചെയ്തിരുന്നു. തുടർന്ന് നടത്തിയ വിപുലമായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇപ്പോൾ കോളേജിന് ഹരിതകാമ്പസ് പദവി നേടാനായിട്ടുള്ളത്. കഠിനംകുളം ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഹരിതകേരളം മിഷൻ പ്രതിനിധികളും അടങ്ങുന്ന ടീമാണ് പരിശോധന നടത്തിയത്. ഹരിതകാമ്പസ് പ്രഖ്യാപനത്തോടനുബന്ധിച്ച് കോളേജിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എം.ജി. രാജമാണിക്യം



ഐ.എ.എസ്. ഹരിതകാമ്പസ് പ്രഖ്യാപനം നടത്തുകയും സാക്ഷ്യപത്രം മാനേജർ റവ. ഫാ. ഡോ. എ.ആർ. ജോണിന് കൈമാറുകയും ചെയ്തു. ചടങ്ങിൽ നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫീസർ പി. അജയകുമാർ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീലാ ഗ്രിഗോറി, പഞ്ചായത്ത് സെക്രട്ടറി ജെ. രാജേഷ്, പ്രിൻസിപ്പൽ ഡോ. എം. അബ്ദുൾ നിസാർ, ഫാ. ജിം കാർവിൻ, ഡീൻ ഡോ. എ. സാംസൺ, അസി. പ്രൊഫസർ അഭിജിത്ത് ആർ., പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ ഷബീർ, നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺ എ. അഞ്ചു എന്നിവർ പങ്കെടുത്തു.

## മുഴക്കുന്നിൽ ജൈവവൈവിധ്യ സർവേ

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയിൽപെടുത്തി കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ ജൈവവൈവിധ്യ ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുന്നതിനായി പഞ്ചായത്ത് അധീനതയിലുള്ള 136 ഏക്കർ സ്വാഭാവിക പച്ചത്തുരുത്തിലെ മരങ്ങൾ, ചെടികൾ, വള്ളികൾ എന്നിവ സർവേ ചെയ്യുന്ന പ്രവൃത്തികൾക്ക് തുടക്കമായി.

ചാക്കാട് മുരിങ്ങൂറിലെ പുഴയോരത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. ബിന്ദു അധ്യക്ഷനായി. ജൈവവൈവിധ്യ വിദഗ്ധൻ വി സി ബാലകൃഷ്ണൻ പദ്ധതി വിശദീകരിച്ചു.

നാല് വാർഡുകളിലായി മലയോര ഹൈവേയോട് ചേർന്നും ബാവലി, പാലപ്പുഴ എന്നിവക്ക് ഇടയിലുമായി കണിച്ചാർ പഞ്ചായത്ത് അതിർത്തി മുതൽ ഇരിട്ടി നഗരസഭ അതിർത്തിവരെയുള്ള 136 ഏക്കർ നവകേരളം പച്ചത്തുരുത്തിലെ സ്വാഭാവികമായി വളരുന്ന മുഴുവൻ ജൈവ വൈവി



ധ്യങ്ങളുടെയും കണക്കുകൾ ശേഖരിച്ചു. എണ്ണം, ഇനം, ശാസ്ത്രീയ നാമം ഉൾപ്പെടെ ഡിജിറ്റലായി സൂക്ഷിക്കും. ഇവിടെയുള്ള ജൈവ വൈവിധ്യങ്ങൾ സംബന്ധിച്ച മുഴുവൻ കാര്യങ്ങളും ലഭ്യമാവുന്ന ക്യു.ആർ. കോഡുകളും സ്ഥാപിക്കും. നെറ്റ് സീറോ കാർബൺ കേരളം പദ്ധതിയിൽ ജില്ലയിൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട ഏഴ് പഞ്ചായത്തുകളിൽ ഒന്നാണ് മുഴക്കുന്ന്. ഹരിതകേരളം മിഷന്റെയും, ബി.എം.സി.യുടെയും, എടത്തൊട്ടി ഡീപോൾ കോളേജ് ഗ്രീൻ ബ്രിഗേഡിന്റെയും സഹായത്തിലാണ് സർവേ.

## ഹരിതപദവിയിൽ എറണാകുളം ജില്ലയിലെ 474 സ്ഥാപനങ്ങൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത പെരുമാറ്റചട്ടപാലനം ഉറപ്പാക്കിയ എറണാകുളം ജില്ലയിലെ 474 സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവി. ശുചിത്വ മാലിന്യ സംസ്കരണവും ഹരിതചട്ടപാലനവും ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ മാർഗ്ഗരേഖ അടിസ്ഥാനമാക്കിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,വിവിധ ഘടക സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പരിശോധന നടത്തിയത്. 1163 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ 882 സ്ഥാപനങ്ങൾ ഗ്രേഡിങ്ങിന് അർഹത നേടി.വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ചുള്ള ഗ്രേഡിങ്ങിൽ 474 സ്ഥാപനങ്ങൾക്ക് എ പ്ലസ്,എ ഗ്രേഡുകൾ ലഭിച്ചു. താഴ്ന്ന ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങളിൽ തുടർ പരിശോധന നടത്തിയും അടുത്ത ഘട്ടത്തിൽ സ്വകാര്യ സ്ഥാപനങ്ങളിലും ഗ്രേഡിംഗ് നടപ്പിലാക്കിയും പരമാവധി സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കി മാറ്റുകയാണ് എന്നതാണ് ഹരിതകേരളം മിഷന്റെ ലക്ഷ്യം.




# പേരാവൂരിൽ "നീരുറവിൽ" ജല സുലഭം

കത്തുന്ന വേനലിലെ ജലക്ഷാമം മുന്നിൽകണ്ട് ജലത്തിന്റെ കരുതലുമായി കണ്ണൂർ പേരാവൂർ ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളും സജീവം. പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ സഹായത്തിൽ സംസ്ഥാനത്തെ ആദ്യ മാതൃക പദ്ധതിയായി സർക്കാർ അംഗീകരിച്ച "ജലാഞ്ജലി" പദ്ധതിയെ തൊഴിലുറപ്പ് മിഷന്റെ നീരുറവ് പദ്ധതിയുമായി കൂട്ടി യോജിപ്പിച്ചാണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത്. ജില്ലയുടെ പ്രധാന കുടിവെള്ള സ്രോതസ്സിന്റെ ഉത്ഭവസ്ഥലമായ ബാവലിപ്പുഴ, ചീങ്കണ്ണിപ്പുഴ, കാഞ്ഞിരപ്പുഴ, ചെക്കേരിപ്പുഴ, ഇടുമ്പപ്പുഴ എന്നിവിടങ്ങളിൽ മഴക്കാലത്ത് വെള്ളത്തിന്റെ കുത്തൊഴുക്കിന് ശേഷം വേനൽ കനക്കുന്നതോടെ വറ്റിവരളും. കൃഷിക്കും കുടിവെള്ളത്തിനും ജലം ലഭിക്കൽ പ്രയാസമായ തോടെയാണ് ജലസംരക്ഷണത്തിനായി 3664 താത്കാലിക തടയണകളാണ് പണിതത്.ഇവിടങ്ങളിൽ മല ഇടിച്ചിലും വെള്ളകുത്തൊഴുക്കുമുള്ളതിനാൽ സ്ഥിര തടയണകൾ നിർമ്മിച്ച് വെള്ളം ശേഖരിക്കുകയെന്നത് പ്രായോഗികമല്ലാത്ത സാഹചര്യത്തിലാണ് താൽക്കാലിക തടയണകൾ നിർമ്മിക്കുന്നത്. കോളയാട് 1306, പേരാവൂർ 1274,മുഴക്കുന്ന് 430, കണിച്ചാർ 239, കൊട്ടിയൂർ 228, കേളകം 174, മാലൂർ 13 എന്നിങ്ങനെയാണ് ഓരോ പഞ്ചായത്തും പുഴയിൽ നിന്നുതന്നെയുള്ള കല്ലും ജൈവ വസ്തുക്കളും ഉപയോഗിച്ച് താൽക്കാലിക തടയണ തീർത്തത്. തടയണകൾ കൂടാതെ ജലാഞ്ജലി നീരുറവ് പദ്ധതിയിൽ കുളം,കിണർ,കിണർ റീ ചാർജ്ജിങ്, കയർ ഭൂ വസ്ത്രത്തിലും കല്ലുകൊണ്ടും തോട് സംരക്ഷണ ഭിത്തികൾ എന്നിവയും മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്കായി ചെയ്തിട്ടുണ്ട്.

നവകേരളം കർമപദ്ധതിക്ക് കീഴിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ജലബജറ്റ് നടപ്പിലാക്കിയ 14 ബ്ലോക്കിൽ ഒന്ന് കൂടിയാണ് പേരാവൂർ ബ്ലോക്ക്.

# വയനാട്ടിൽ മാപത്തോൺ അവതരണം തുടങ്ങി

നവകേരളം കർമപദ്ധതിയിൽ ഹരിത കേരളംമിഷന്റെ നേതൃത്വത്തിൽ കബനിക്കായ് വയനാട്, സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിനുകളുടെ ഭാഗമായി നടത്തിയ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ അവതരണങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ തുടങ്ങി. നിലവിൽ പുൽപള്ളി, പൂതാടി, പനമരം, വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിൽ അവതരണം കഴിഞ്ഞു. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ അവതരണം നടന്നു വരികയാണ്. നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സന്മാരുടെ നേതൃത്വത്തിലാണ് അവതരണം നടത്തുന്നത്. മാപ് ചെയ്ത നീർച്ചാലുകളുടെ പ്രാദേശിക പേരുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അവതരണ സമയത്ത് മെമ്പർമാരുടെ സഹായത്തോടെ തിരുത്തി അന്തിമമാക്കുന്നുണ്ട്. മാപത്തോൺ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ 26 തദ്ദേശ സ്ഥാപങ്ങളിലായി 1271 തോടുകൾ അടയാളപ്പെടുത്തി പേര് നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നീർച്ചാലുകളുടെ സമഗ്രമായ ഒരു മാപ് എന്ന ആശയം മാപത്തോൺ വഴി സാധ്യമായിട്ടുണ്ട്. മാപ് ഉടൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറും. തദ്ദേശസ്ഥാപനങ്ങൾക്ക് ജലസംരക്ഷണ മേഖലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും ജനകീയ പങ്കാളിത്തത്തിലൂടെയും കൃത്യമായ ആസൂത്രണവും നിർവഹണവും നടത്താനും തുടർ സംരക്ഷണം ഉറപ്പാക്കാൻ കഴിയും. കൂടാതെ തങ്ങളുടെ പ്രദേശത്തെ തോടുകളുടെ സ്ഥിരതയുള്ളതും കൃത്യതയുള്ളതുമായ ഡിജിറ്റൽ ഡോക്യുമെന്റേഷനും സാധ്യമാകുന്നു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in